ഉത്തരം

(എ) എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ടിന്റെ ഉപയോഗം എം.പി.-മാരുടെ പ്രാദേശിക വികസന ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം വേണമെന്ന നിർദ്ദേശം അനുസരിച്ചാണ് ഇത്തരത്തിലുള്ള ഉത്തരവ് പുറപ്പെടുവിച്ചത്.

(ബി) ഉണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി കൊടുത്തിരിക്കുന്നു.†

(സി) അനുബന്ധമായി കൊടുത്തിരിക്കുന്ന ഉത്തരവ് അനുസരിച്ച് ഈ വ്യവസ്ഥയും പിൻവലിച്ചിട്ടുണ്ട്. †

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതം

15 [327] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച പദ്ധതി വിഹിതം സംസ്ഥാന ബഡ്ജറ്റിന്റെ എത്ര ശതമാനമാണെന്നു അറിയിക്കാമോ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം കേരളത്തിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ പദ്ധതി വിഹിതം വിനിയോഗിച്ചതിന്റെ കണക്കുകൾ ലഭ്യമാക്കാമോ;

(സി) അൻപത് ശതമാനത്തിൽ താഴെ മാത്രം പദ്ധതി വിഹിതം വിനിയോഗിച്ച സ്ഥാപനങ്ങളുടെ എണ്ണം അറിയിക്കാമോ;

(ഡി) ഈ വിഭാഗത്തിൽപ്പെടുന്ന നഗരസഭകളും ജില്ലാ പഞ്ചായത്തുകളും ഏതെല്ലാമാണ്;

(ഇ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിത വിതരണത്തിൽ എന്തെങ്കിലും പുതിയ മാനദണ്ഡങ്ങൾ സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതമായി സംസ്ഥാന പദ്ധതി അടങ്കലിന്റെ 28.19 ശതമാനം തുക 2001-02 വർഷത്തേയ്ക്കും 33.33 ശതമാനം തുക 2002-03 വർഷത്തേയ്ക്കും 30.28 ശതമാനം തുക 2003-04 വർഷത്തേയ്ക്കും സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു.

(ബി) തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് 2003-04 വർഷത്തിൽ നൽകിയിട്ടുള്ള പദ്ധതി ഗ്രാന്റിൽ നിന്നും പ്രസ്തുത സ്ഥാപനങ്ങൾ 1,25,197.93 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്. ഇതിൽ 72,640.06 ലക്ഷം രൂപ ഗ്രാമപഞ്ചായത്തുകളും 17,042.78 ലക്ഷം

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

രൂപ ബ്ലോക്ക് പഞ്ചായത്തുകളും 16,472.95 ലക്ഷം രൂപ ജില്ലാ പഞ്ചായത്തുകളും 11,583.84 ലക്ഷം രൂപ മുനിസിപ്പാലിറ്റികളും 7,458.30 ലക്ഷം രൂപ കോർപ്പറേഷനുകളും പദ്ധതി ചെലവുകൾക്കുവേണ്ടി വിനിയോഗിച്ചിട്ടുണ്ട്.

(സി) മൂന്നു ഗ്രാമപഞ്ചായത്തുകളും മൂന്ന് ബ്ലോക്ക് പഞ്ചായത്തുകളും ഒരു ജില്ലാ പഞ്ചായത്തും ഒരു മുനിസിപ്പാലിറ്റിയും (ആകെ 8 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ) അൻപതു ശതമാനത്തിൽ താഴെ പദ്ധതി വിഹിതമേ വിനിയോഗിച്ചിട്ടുള്ളു.

(ഡി) കോട്ടയം ജില്ല പഞ്ചായത്തും കണ്ണൂർ മുനിസിപ്പാലിറ്റിയും അൻപതു ശതമാനത്തിൽ താഴെ പദ്ധതി വിഹിതമേ വിനിയോഗിച്ചിട്ടുള്ളു.

(ഇ) പുതിയതായി ഒരു മാനദണ്ഡവും പദ്ധതി വിഹിത വിതരണത്തിൽ സ്വീകരിച്ചിട്ടില്ല. 1-4-2004 മുതൽ ബിൽ സിസ്റ്റം നടപ്പാക്കാനുദ്ദേശിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ എല്ലാ തയ്യാറെടുപ്പുകളും പൂർത്തിയാകാത്തതിനാൽ 30-9-2004 വരെ ബിൽ സിസ്റ്റം നടപ്പിലാക്കുന്നതു മാറ്റി വച്ചുകൊണ്ട് 24-6-2004-ൽ ജി.ഒ. (പി) 296/04/ഫിൻ നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്.

ക്ഷേമപദ്ധതി പെൻഷനുകളുടെ കുടിശ്ശിക

16 [328] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ക്ഷേമ പദ്ധതികൾ പ്രകാരം പെൻഷൻ കുടിശ്ശിക വിതരണം ചെയ്യുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) വിവിധ പെൻഷൻ പദ്ധതികളിലായി എത്ര മാസത്തെ കുടിശ്ശിക വിതരണം ചെയ്യാനുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) പെൻഷൻ കുടിശ്ശിക എന്നത്തേയ്ക്ക് വിതരണം ചെയ്തു തീർക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഡി) ഓരോ പെൻഷനും എത്ര മാസത്തെ കുടിശ്ശികയുണ്ടെന്നും അവ ഓരോന്നും വിതരണം ചെയ്യുന്നതിന് എന്തു തുക വീതം വേണ്ടിവരുമെന്നും വ്യക്തമാക്കുമോ;

(ഇ) വിവിധ ക്ഷേമപദ്ധതികളനുസരിച്ച് ഓരോ പെൻഷനും അർഹത പ്പെട്ടവർ എത്ര വീതമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) അംഗവൈകല്യമുള്ളവരും മന്ദബുദ്ധികളായവർക്കുമുള്ള പ്രത്യേക പെൻഷൻ, വിധവ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, അവിവാഹിതകളും അമ്പതു വയസ്സിനു മുകളിലുമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ എന്നീ സാമൂഹ്യക്ഷേമ

LIBRARY ARCHIVES Kerala Legislative Assembly